## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1179 01.07.2015-ൽ മറുപടിയ്ക്ക്

### മൂന്നാറിലെ വൻകിട കൈയ്യേറ്റങ്ങൾ

ചോദ്യം

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ.കെ.ജയചന്ദ്രൻ
ഡോ.കെ.ടി.ജലീൽ
ശ്രീ.കെ.സുരേഷ് കുറുപ്പ്

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മൂന്നാറിൽ വ്യാപകമായി നടക്കുന്ന വൻകിട കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും<br>മൂന്നാർ പ്രദേശത്തെ ശ്രദ്ധയിൽപ്പെട്ട കൈയ്യേറ്റങ്ങൾ ദേവികുളം സബ് കളക്ടറുടെയും മൂന്നാർ സ്പെഷ്യൽ ഓഫീസറുടെയും ദേവികുളം തഹസിൽദാരുടേയും നേതൃത്വത്തിലും ഭൂസംരക്ഷണ സേനയുടെയും പോലീസിന്റെയും സഹായത്തോടെയും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുൻ സർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച സർക്കാർ ഭൂമിയിൽ "സർക്കാർ വക" എന്ന് ബോർഡുകൾ സ്ഥാപിച്ച് സംരക്ഷിച്ചു വരുന്നു. മൂന്നാറിലെ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് തിരിച്ചു പിടിച്ച ഭൂമി വീണ്ടും കൃത്രിമ രേഖകൾ ഉണ്ടാക്കി കൈവശപ്പെടുത്തിയത് അറിവുള്ളതാണോ; | |
| (സി) | ഇതു സംബന്ധിച്ച വകുപ്പുതല അന്വേഷണങ്ങൾ ഉദ്യോഗസ്ഥ-ഭൂമാഫിയ കൂട്ടുകെട്ട് കാരണം അട്ടിമറിക്കപ്പെടുന്നത് തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ; | വകുപ്പുതല അന്വേഷണ റിപ്പോർട്ടുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കൈയ്യേറ്റം സംബന്ധിച്ച വിജിലൻസ് കേസുകളിൽ ഇതുവരെ റവന്യു വകുപ്പ്എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | കൈയ്യേറ്റം സംബന്ധിച്ച വിജിലൻസ് കേസുകളിൽ ലഭ്യമായ റിക്കാർഡുകൾ വിജിലൻസ് അധികാരികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കുന്നുണ്ട്. കൂടാതെ റവന്യൂ സംബന്ധമായ കേസുകളിൽ വിജിലൻസ് അധികാരികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പരിചയസമ്പന്നരായ റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ